Registered No. PGT/001/2021-2023 MALAYALA MANORAMA

# മാർ ജോസഫ് ഇരിമ്പൻ, ഫാ.ഡൺസ്റ്റൻ ഒലക്കേങ്കിൽ വാഴ്ത്തപ്പെട്ടവരുടെ ഗണത്തിലേക്ക് ഉയർത്താൻ പ്രാരംഭ നടപടി

പാലക്കാട് ● പാലക്കാട് രൂപതയുടെ പ്രഥമ മെത്രാൻ മാർ ജോസഫ് ഇരിമ്പനെയും അദ്ദേഹത്തിന്റെ ആത്മീയ ഗുരുവും സിഎംഐ പ്രേഷിത പ്രൊവിൻസ് അംഗവുമായിരുന ഫാ.ഡൺസ്റ്റൻ ഒലക്കേങ്കലിനെയും വാഴ്ത്തപ്പെട്ടവരുടെ ഗണത്തിലേക്ക് ഉയർത്താനുള്ള പ്രാരംഭ നടപടി തുടങ്ങി. ഇരുവരുടെയും ജീവിത വിശുദ്ധിയെ സംബന്ധിച്ചു പഠിക്കുന്നതിനു ഫാ.ജോസഫ് ചിറ്റിലപ്പിള്ളി, ഫാ.മാത്യു വാഴയിൽ, ഫാ .ജോസ് പൊൻമാണി എന്നിവർ അംഗങ്ങളായി രൂപതയിൽ കമ്മിറ്റി രൂപീകരിച്ചു. ഇവരോടുള്ള മധ്യസ്ഥ പ്രാർഥന വഴി ലഭിച്ച അനുഗ്രഹങ്ങളും രോഗശാന്തി ഉൾപ്പെടെയുള്ള അത്ഭുതങ്ങളും പഠിച്ച ശേഷം വത്തിക്കാന് റിപ്പോർട്ട് നൽകും. വത്തിക്കാനിൽനിന്ന് ഉത്തരവ് ലഭിച്ചാൽ ഇരുവരുടെയും കല്ലറ തുറന്ന് പരിശോധിക്കും. വിശുദ്ധ പദവിയിലേക്ക് ഉയർത്തുന്നതിന്റെ ആദ്യ പടിയാണു വാഴ്ത്തപ്പെട്ടവരുടെ ഗണത്തിലേക്ക് ഉയർത്തൽ. ധന്യൻ, വാഴ്ത്തപ്പെട്ടവൻ എന്നീ പദവികൾക്കു ശേഷമാണ് ,വിശുദ്ധനായി പ്രഖ്യാപിക്കുക.



മാർ ജോസഫ് ഇരുമ്പൻ, ഫാ.ഡൺസ്റ്റൻ ഒലക്കേങ്കിൽ.

## മാർ ജോസഫ് ഇരിമ്പൻ

ഇരിങ്ങാലക്കുട രൂപതയിലെ പൂവത്തുശ്ശേരിയിൽ 1919 ഫെബ്രുവരി 25നാണു മാർ ജോസഫ് ഇരിമ്പൻ ജനിച്ചത്. 1956ൽ പൗരോഹിത്യം സ്വീകരിച്ചു. 1974ൽ പാലക്കാട് രൂപത സ്ഥാപിച്ചപ്പോൾ പ്രഥമ മെത്രാനായി നിയമിതനായി. 14 ഇടവകകളും 10 ദേവാലയങ്ങളും 14 വൈദികരുമാണ് അന്ന് രൂപതയിലുണ്ടായിരുന്നത്. 1994ൽ അദ്ദേഹം വിരമിക്കുമ്പോൾ 123 ദേവാലയങ്ങളും 76 വൈദികരും അൻപതിലേറെ ഇടവകളുമായി രൂപത വളർന്നു. 1997 ഓഗസ്റ്റ് 23ന് അന്തരിച്ച അദ്ദേഹത്തിന്റെ ഭൗതിക ശരീരം ചക്കാന്തറ സെന്റ് റാഫേൽസ് കത്തീഡ്രലിലാണു കബറടക്കിയിട്ടുള്ളത്.

## ഫാ.ഡൺസ്റ്റൻ ഒലക്കേങ്കിൽ

തൃശൂർ അതിരൂപതയിലെ പാവറട്ടി ഇടവകയിൽ 1920ൽ ജനിച്ചു. 1953ൽ സിഎംഐ ദേവമാത പ്രൊവിൻസിൽ അംഗമായി. പാലക്കാട്, തൃശൂർ രൂപതകളിലെ വിവിധ സന്ന്യാസ ഭവനങ്ങളിൽ റെക്ടറായി പ്രവർത്തിച്ചു. ഒട്ടേറെ സാമൂഹിക പ്രവർത്തന, ജീവകാരുണ്യ പ്രവൃത്തികളിലും പങ്കാളിയായി. 2006ൽ അന്തരിച്ചു.